സ്കൂൾ കലോത്സവ മാന്വൽ പരിഷ്കരണം

57 (1093) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സ്കൂൾ കലോത്സവമേള അപ്പീലുകളുടെ പിൻബലത്തിലും വിദ്യാഭ്യാസ വകുപ്പ് അധികൃതരുടെയും വിധികർത്താക്കളുടെയും നിയമവിരുദ്ധ ഇടപെടലുകൾമൂലവും കഴിവുള്ളവർക്ക് അർഹമായ നേട്ടം ലഭ്യമാകാതിരിക്കുന്നത് പരിശോധിച്ചുവോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) മേളകളിൽ ഓരോ വർഷം കഴിയുംതോറും അപ്പീലുകൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടുവോ ; എങ്കിൽ കഴിഞ്ഞ മൂന്നു വർഷമായി സംസ്ഥാന മേളയിൽ വന്ന അപ്പീലുകളുടെ എണ്ണം എത്ര വീതമെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഈ അദ്ധ്യയന വർഷത്തെ സംസ്ഥാന മേളയിൽ കോടതികൾ, ലോകായുക്ത തുടങ്ങിയവ വഴി വന്ന അപ്പീലുകളുടെ എണ്ണം എത്ര; ഇതിന് കൂട്ടുനിന്ന ഏതൊക്കെ ഉദ്യോഗസ്ഥർക്കും അദ്ധ്യാപകർക്കും സ്കൂളുകൾക്കുമെതിരെ സർക്കാർ എപ്രകാരമുള്ള നടപടിയാണ് സ്വീകരിച്ചത്; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) നൈസർഗ്ഗിക വാസനയില്ലാത്ത ചിലരെങ്കിലും കലോത്സവത്തിന്റെ ഉന്നതിയിലും ഗ്രേഡിംഗിലും എത്തുന്നതും അവരുടെ പ്രൊഫഷണൽ പഠന അഡ്മിഷൻ സമ്പാദിക്കാൻ മാത്രമായി മേളയെ ഉപയോഗിക്കുന്നതും, ശേഷം കലാമേഖല വിടുന്നതും പരിശോധിച്ചുവോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഇ) എങ്കിൽ കലാമേളയിലെ ഇത്തരം പ്രവൃത്തികളും അപ്പീൽ പ്രവണതയും അവസാനിപ്പിക്കാനായി വിദ്യാഭ്യാസ-കലാ-സാംസ്കാരിക-സാങ്കേതിക മേഖലകളിലെ വിദഗ്ധരെ ഉൾപ്പെടുത്തി സമിതി രൂപീകരിച്ചുകൊണ്ട് കുറ്റമറ്റ രീതിയിൽ സ്കൂൾ കലോത്സവ മാന്വൽ പരിഷ്കരണം അടുത്ത മേളയ്ക്ക് മുമ്പുതന്നെ നടത്താൻ സർക്കാർ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) വിദ്യാഭ്യാസ വകുപ്പ് അധികൃതരും വിധി കർത്താക്കളും സംസ്ഥാന കലോത്സവത്തിൽ നിയമവിരുദ്ധമായി ഇടപെടാറില്ല. ഇത്തരത്തിലുള്ള ഇടപെടൽമൂലം കഴിവുള്ളവർക്ക് അർഹമായ നേട്ടം ലഭ്യമാകാതിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2012-13 - 781

2013-14 - 872

2014-15 - 1446

(സി) 456 അപ്പീലുകൾ. അനധികൃതമായി ലോകായുക്ത ഉത്തരവ് സമ്പാദിച്ച് സംസ്ഥാന മേളയിൽ മത്സരിക്കുകയും, ഈ ക്രമക്കേടിന്, ഇട്ടുനിന്ന കാസർഗോഡ്, ഉദുമ ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽ ശ്രീ. കെ. പ്രഭാകരൻ, ഹയർ സെക്കണ്ടറി വിഭാഗം ടീം മാനേജർ ശ്രീ. അഭിറാം (എച്ച്.എസ്.എസ്.ടി., കമ്പ്യൂട്ടർ സയൻസ്) എന്നിവർക്കെതിരെ ഉചിതമായ അച്ചടക്ക നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) സ്കൂൾ, സബ്, റവന്യൂ ജില്ലാ കലോത്സവങ്ങളിൽ മത്സരിച്ച് 'എ' ഗ്രേഡോടെ ഒന്നാം സ്ഥാനം നേടുന്നവരാണ് സംസ്ഥാന തലത്തിൽ മത്സരിച്ച് ഗ്രേഡുകൾ കരസ്ഥമാക്കുന്നത്. ഗ്രേഡുകൾ പ്രകാരമുള്ള ഗ്രേസ്മാർക്കുകൾ 10, 11, 12 ക്ലാസ്സുകളിൽ അവസാന പരീക്ഷയ്ക്ക് അനുവദിച്ച് നൽകാറുണ്ട്. അതിനു ശേഷമുള്ള പഠന വിവരം ഈ വകുപ്പിൽ ലഭ്യമാകാറില്ല.

(ഇ) അപ്പീൽ പ്രവണത അവസാനിപ്പിക്കാനായി വിദ്യാഭ്യാസ-കലാ-സാംസ്കാരിക-സാങ്കേതിക മേഖലകളിലെ വിദഗ്ധരെ ഉൾപ്പെടുത്തി സമിതി രൂപീകരിച്ചുകൊണ്ട് കുറ്റമറ്റ രീതിയിൽ സ്കൂൾ കലോത്സവ മാന്വൽ പരിഷ്കരണം അടുത്ത മേളയ്ക്ക് മുമ്പുതന്നെ നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

അദ്ധ്യാപക പാക്കേജ്

58 (1094) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അദ്ധ്യാപക പാക്കേജിന് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) അദ്ധ്യാപക പാക്കേജ് വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly